**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 371** | **29-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയുടെ ഇതുവരെയുള്ള നടത്തിപ്പ് ഈ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി നടപ്പിലാക്കാൻ 2009 ൽ കടാശ്വാസ കമ്മീഷൻ രൂപീകരിച്ചു. 31/12/2008 വരെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും മത്സ്യബന്ധ നോപകരണങ്ങൾ വാങ്ങാൻ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴി ലാളികൾ എടുത്തിട്ടുള്ള വായ്പകളി ന്മേൽ കമ്മീഷൻ അർഹത കണ്ടെത്തി കടാശ്വാസം ശുപാർശ ചെയ്ത് വരുന്നു. കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തിയതിന്റെ അടിസ്ഥാന ത്തിൽ ഇനിയും കടാശ്വാസം അനുവദിക്കേണ്ടവരുടെ അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കുന്നതിലേ ക്കായി കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ കാലാവധി 27.03.2022 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം വർഷങ്ങളിൽ എടുത്തിട്ടുള്ള വായ്പകൾക്കാണ് കമ്മീഷൻ മുഖേന കടാശ്വാസം അനുവദിച്ച് തീർപ്പാക്കിയതെന്ന് അറിയിക്കാമോ; | (ബി) | മത്സ്യത്തൊഴിലാളികൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 31/12/2008 വരെ എടുത്ത വായ്പകളിന്മേൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകളാണ് കമ്മീഷൻ പരിഗണിച്ച് കടാശ്വാസത്തിനായി ശുപാർശ ചെയ്തുവരുന്നത്. |
| (സി) | നിരന്തരമായ കടൽക്ഷോഭവും കനത്ത മഴയും മൂലം ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം പകരുന്ന കടാശ്വാസ കമ്മീഷന്റെ പ്രവർത്തന കാലാവധി ദീർഘിപ്പിച്ചുകൊടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (സി) | കടാശ്വാസ കമ്മീഷന്റെ കാലാവധി 27.03.2022 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ഡി) | മത്സ്യത്തൊഴിലാളികൾ നിലവിൽ എടുത്തിട്ടുള്ള വായ്പ തിരിച്ചടവ് കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോ? | (ഡി) | 2009 മുതൽ മത്സ്യത്തൊഴിലാളികൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമെടുത്ത വായ്പകളിൽ മോറട്ടോറിയം ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മോറട്ടോറിയത്തിന് നിലവിൽ 31/12/2021 വരെ കാലാവധിയുണ്ട് |

സെക്ഷൻ ഓഫീസർ